ഭരണഭാഷ - മാതൃഭാഷ

## അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം -ജീവനക്കാര്യം - വകുപ്പിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, യു.ഡി.ടൈപ്പിസ്റ്റ് ഒഴിവുകളിലേക്കുള്ള ഗ്രേഡ് പ്രമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിൽ നിന്നുള്ള 25/10/2021 ലെ TCPCTP/2070/2021-A2 നമ്പർ ഉത്തരവ്.
2. കൊല്ലം ടൗൺപ്ലാനറുടെ 01/11/2021 ലെ TCPKLM/465/2021-A നമ്പർ ഉത്തരവ്

---

### എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ

ഉത്തരവ് നമ്പർ. TCPCTP/2432/2021-A2 തിയതി :17/11/2021

---

## ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം കൊല്ലം ജില്ലാ കാര്യാലയത്തിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായിരുന്ന ശ്രീമതി.അമ്പിളി.എസിന് ടൈപ്പിസ്റ്റ് കാറ്റഗറിയിൽ നിന്നും സീനിയർ ക്ലർക്കിലേക്ക് കാറ്റഗറിമാറ്റം നൽകി ഉത്തരവാകുകയും പരാമർശം(2) ലെ ഉത്തരവ് പ്രകാരം കൊല്ലം കാര്യാലയത്തിലെ ചുമതലകളിൽ നിന്നും 01/11/2021 അപരാഹ്നം വിടുതൽ ചെയ്തത് മൂലം വകുപ്പിൽ ഉണ്ടായ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ ഒഴിവിലേക്ക് യു.ഡി.ടൈപ്പിസ്റ്റ്മാരിൽ സീനിയറും നിലവിൽ എറണാകുളം ജില്ലാ കാര്യാലയത്തിൽ സേവനമനുഷ്ഠിച്ച് വരുന്നതുമായ ശ്രീ.ജിമ്മി ആന്റണി.സി.വി-യെ 37400-79000 രൂപ ശമ്പള സ്കെയിലിൽ 02/11/2021 പൂർവ്വാഹ്നം മുതൽ മുൻകാലപ്രാബല്യത്തിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി ഗ്രേഡ് പ്രമോഷൻ നൽകി എറണാകുളം കാര്യാലയത്തിൽ തന്നെ നിയമിച്ചു ഉത്തരവാകുന്നു.

ശ്രീ.ജിമ്മി ആന്റണി.സി.വിയ്ക്ക് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം ലഭിക്കുന്നത് മൂലം വകുപ്പിൽ ഉണ്ടാകുന്ന യു.ഡി.ടൈപ്പിസ്റ്റ് ഒഴിവിലേയ്ക്ക് നിലവിൽ എൽ.ഡി.ടൈപ്പിസ്റ്റ്മാരിൽ സീനിയറും സ്ഥാനക്കയറ്റത്തിന് യോഗ്യത നേടിയതും മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിൽ സേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീമതി.ശ്രീജ.കെ-ക്ക് 35600-75400 രൂപ ശമ്പള സ്കെയിലിൽ 02/11/2021 പൂർവ്വാഹ്നം മുതൽ മുൻകാലപ്രാബല്യത്തിൽ ഗ്രേഡ് പ്രമോഷൻ നൽകി തിരുവനന്തപുരം മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിൽ തന്നെ നിയമിച്ചും ഉത്തരവാകുന്നു.

മുകളിൽ പറഞ്ഞ സ്ഥാനക്കയറ്റങ്ങൾക്ക് കെ.എസ്.ആർ ചട്ടം 28 A പ്രകാരമുള്ള

ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതും ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുന്നതുമാണ്.

Signature valid
Digitally signed by ASEEM A
Date: 2021.11.17 11:09:15 IST
Reason: Approved

**അസീം.എ**
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

1. ശ്രീ.ജിമ്മി ആന്റണി.സി.വി, യു.ഡി.ടൈപ്പിസ്റ്റ് (എറണാകുളം സീനിയർ ടൗൺപ്ലാനർ മുഖാന്തിരം)
2. ശ്രീമതി.ശ്രീജ.ജെ, എൽ.ഡി ടൈപ്പിസ്റ്റ് (മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം )

പകർപ്പ്: 1) സി എ മുഖേന ചീഫ് ടൗൺ പ്ലാനർ
2) സീനിയർ ടൗൺപ്ലാനർ,എറണാകുളം
3) സീനിയർ ഫിനാൻസ് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
4) എ,ബി,സി സെക്ഷൻ സൂപ്രണ്ട്മാർ,
5) ബി2 സീറ്റ്
6) എ 4 സീറ്റ്
7) ഐ.റ്റി.ഓഫീസർ
8) വെബ്സൈറ്റ്
9) കരുതൽ ഫയൽ
10) അധികം.